സകാത്ത്: ആത്മീയ വളർച്ചക്ക്, സമ്പത്തിന്റെ ശുദ്ധീകരണത്തിന് – 3

# കാർഷികോൽപന്നങ്ങൾ, ഓഹരി, ശമ്പളം

ലേഖനം ● ഡോ. എ.എ ഹലീം

**കാർഷികോൽപന്നങ്ങളുടെയും** ഫലവർഗങ്ങളുടെയും സകാത്തിനെക്കുറിച്ച് അല്ലാഹു പറഞ്ഞു: "പന്തലിൽ പടർത്തപ്പെടുന്നതും അല്ലാത്തതുമായ പലതരം ഉദ്യാനങ്ങളും മുന്തിരിത്തോപ്പുകളും ഈത്തപ്പഴത്തോട്ടങ്ങളും ഉണ്ടാക്കിയത് അല്ലാഹു മാത്രമാകുന്നു-പലതരം ഭോജ്യങ്ങൾ ലഭിക്കുന്ന വിളകളുണ്ടാക്കിയതും; രൂപത്തിൽ സാദൃശ്യമുള്ളതും രുചിയിൽ വ്യത്യാസം ഉള്ളതുമായ ഫലങ്ങളുണ്ടാകുന്ന ഒലിവിന്റെയും ഉറുമാൻ പഴത്തിന്റെയും വൃക്ഷങ്ങളുണ്ടാക്കിയതും. അവ കായ്ക്കുമ്പോൾ ഫലങ്ങൾ ഭുജിച്ചുകൊള്ളുവിൻ! അവയുടെ കൊയ്ത്തുകാലത്ത് അല്ലാഹുവിന്റെ അവകാശം കൊടുക്കുകയും ചെയ്യുവിൻ" (*അൽ അൻആം* 141).

അബൂസഈദിൽ ഖുദ്‌രി(റ) നിവേദനം ചെയ്യുന്ന ഒരു നബിവചനം ഇങ്ങനെയാണ്: "അഞ്ചു വസ്ഖിൽ താഴെയുള്ളതിന് സകാത്തില്ല" (ബുഖാരി).

### സകാത്ത് ബാധകമാകുന്ന ഇനങ്ങൾ

നബിയുടെ കാലത്ത് ഗോതമ്പ്, യവം, കാരക്ക, മുന്തിരി എന്നിവയിൽനിന്നാണ് സകാത്ത് വസൂൽ ചെയ്തിരുന്നത്. ഈ ഇനങ്ങൾക്ക് സകാത്ത് നിർബന്ധമാണെന്ന കാര്യത്തിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു. മറ്റു പഴങ്ങൾ, പച്ചക്കറികൾ എന്നിവക്ക് അക്കാലത്ത് സകാത്ത് ഈടാക്കിയിരുന്നില്ല. കാർഷികോൽപന്നങ്ങൾക്കും ഫലവർഗങ്ങൾക്കും മൊത്തത്തിൽ സകാത്ത് ബാധകമാണെന്ന കാര്യത്തിൽ കർമശാസ്ത്രകാരന്മാരിൽ ആരും എതിരഭിപ്രായം പറഞ്ഞിട്ടില്ല. എന്നാൽ അത് ബാധകമാകുന്ന ഇനങ്ങൾ ഏതൊക്കെയാണെന്ന കാര്യത്തിൽ മാത്രമേ ഭിന്നതയുള്ളൂ. ഉണക്കിസൂക്ഷിക്കാവുന്ന ധാന്യങ്ങളും വിത്തുകളും ഉൾപ്പെടെ ഭൂമിയിൽനിന്ന് അല്ലാഹു ഉൽപാദിപ്പിച്ചുതരുന്ന എല്ലാ ഇനത്തിനും സകാത്ത് നിർബന്ധമാണെന്ന് പണ്ഡിതന്മാരിൽ ഒരു വിഭാഗം അഭിപ്രായപ്പെടുന്നു. ഗോതമ്പ്, അരി, ചോളം തുടങ്ങിയ ഭക്ഷ്യവിളകളും പരുത്തി പോലുള്ള ഭക്ഷ്യേതര വിളകളും ഇതിൽ ഉൾപ്പെടും.

പച്ചക്കറിയോ അല്ലാത്തതോ എന്ന വ്യത്യാസമില്ലാതെ ഭൂമിയിൽ ഉണ്ടാകുന്ന എല്ലാ കാർഷികോൽപന്നങ്ങൾക്കും സകാത്ത് നിർബന്ധമാണെന്നാണ് മറ്റൊരു വിഭാഗം പണ്ഡിതന്മാർ പറയുന്നത്. ഇമാം അബൂഹനീഫയാണ് അവരിൽ പ്രമുഖൻ. കാർഷികോൽപന്നങ്ങളുടെ സകാത്തിനെ സൂചിപ്പിക്കുന്ന ഖുർആൻ വചനങ്ങളുടെയും ഹദീസുകളുടെയും അർഥവ്യാപ്തിയോടും ചൈതന്യത്തോടും ഏറ്റവും യോജിക്കുന്നതും ഈ വീക്ഷണമാണെന്ന് കാണാം. അതിനാൽ സകാത്ത് നിർബന്ധമാകാൻ ഭക്ഷ്യവസ്തുക്കളായിരിക്കണമെന്നോ, അളക്കുന്നതായിരിക്കണമെന്നോ, ഉണക്കി സൂക്ഷിക്കുന്നതായിരിക്കണമെന്നോ ഉള്ള നിബന്ധനകൾ ബാധകമല്ല. മനുഷ്യൻ ഉദ്ദേശ്യപൂർവം കൃഷി ചെയ്തുണ്ടാക്കുന്നതായിരിക്കണമെന്നേയുള്ളൂ. ഇതനുസരിച്ച് നെല്ല്, ഗോതമ്പ്, യവം, ചോളം തുടങ്ങിയ ഭക്ഷ്യ വിളകളും നാളികേരം, അടക്ക, കുരുമുളക്, റബ്ബർ, ഇഞ്ചി, തേയില, കാപ്പി തുടങ്ങിയ നാണ്യവിളകളും ഉറുമാൻ, മുന്തിരി, മാങ്ങ, ചക്ക തുടങ്ങിയ പഴവർഗങ്ങളും പച്ചമുളക്, തക്കാളി, വെണ്ട, കാബേജ് തുടങ്ങിയ പച്ചക്കറികളും സകാത്ത് ബാധകമാകുന്ന ഉൽപന്നങ്ങൾ തന്നെയാണ്.

### നിസ്വാബ്

കാർഷികോൽപന്നങ്ങൾക്ക് സകാത്ത് നിർബന്ധമാകാൻ വർഷം പൂർത്തിയാകേണ്ടതില്ലെന്നതുപോലെ നിസ്വാബും ബാധകമല്ലെന്ന് അഭിപ്രായപ്പെട്ടവരുണ്ട്. എന്നാൽ നിസ്വാബ് തികയണമെന്ന അഭിപ്രായമാണ് പ്രബലം. നബി(സ)യിൽനിന്നുദ്ധരിക്കപ്പെട്ട പ്രബലമായ ഹദീസാണതിനാധാരം. അഞ്ചുവസ്ഖിൽ താഴെയുള്ളതിന് സകാത്തില്ലെന്ന് ബുഖാരിയും മുസ്‌ലിമും നിവേദനം ചെയ്യുന്ന ഹദീസിലുണ്ട്. മെട്രിക് അളവു പ്രകാരം ഇത് 653 കിലോഗ്രാമാണ്; അതായത് ഒരു വസ്ഖ് = 60 സ്വാഅ്. ഒരു സ്വാഅ് 2176 ഗ്രാം; 300 സ്വാആണ് അഞ്ചു വസ്ഖ്. ഈ അളവ്, ഉണങ്ങുകയും തൊലി നീക്കിക്കളയുകയും ചെയ്ത ശേഷമുള്ളതാണ്. ഇതനുസരിച്ച് ഉണങ്ങിയ നെല്ല് സകാത്ത് ബാധകമാകുന്നതിന് 1306 കി. ഗ്രാം വേണം; അതായത് 600 സ്വാഅ്. അരിയോ തൊലിയില്ലാത്ത ഗോതമ്പോ ആണെങ്കിൽ 653 കി. ഗ്രാം. കാർഷിക വിളകളിൽ ഓരോ നാട്ടിലെയും പ്രധാന ഭക്ഷ്യധാന്യത്തെ മാനദണ്ഡമായെടുത്ത് നിസ്വാബ് നിർണയിക്കുകയാണു ഉചിതം. ഇതനുസരിച്ച് കേരളത്തിൽ 600 സ്വാഅ്(ഏകദേശം 13 ക്വിന്റൽ) നെല്ലിന് മാർക്കറ്റിലുള്ള വിലയെത്രയാണോ അത്രയും സംഖ്യക്കുള്ള കാർഷിക വിഭ

വങ്ങൾ ഉൽപാദിപ്പിക്കുന്നവർ സകാത്ത് കൊടുക്കാൻ ബാധ്യസ്ഥരാണ്.

കാർഷിക വിളകൾക്ക് ജലസേചനത്തിന്റെ വ്യത്യാസമനുസരിച്ച് സകാത്ത് നൽകേണ്ട ശതമാനവും വ്യത്യാസപ്പെടുന്നതാണ്. പ്രകൃത്യാ നനവുകിട്ടി വളർന്ന കൃഷിയാണെങ്കിൽ അതിൽനിന്നു ലഭിക്കുന്ന 10 ശതമാനം സകാത്ത് കൊടുക്കണം. നനച്ചുണ്ടാക്കിയ കൃഷിയാണെങ്കിൽ അഞ്ച് ശതമാനം നൽകിയാൽ മതി. നബി(സ) പറഞ്ഞതായി മുആദ്(റ) നിവേദനം ചെയ്യുന്നു: "ആകാശം (മഴ) നനച്ചതിലും, ഭൂമിയിൽനിന്ന് വെള്ളം വലിച്ചെടുത്ത് വളരുന്നതിലും പത്തിലൊന്ന് സകാത്തുണ്ട്. തേവി നനച്ചുണ്ടാക്കിയതിൽ അതിന്റെ പകുതിയും (1/20)" (അഹ്മദ്, ഹാകിം). ഇനി ഒരു വിളയെ പകുതി മഴ നനക്കുകയും പകുതി തേവി നനക്കുകയുമാണ് ചെയ്തെങ്കിൽ 7.5 ശതമാനമാണ് നൽകേണ്ടതെന്ന അഭിപ്രായവും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട് (ഇബ്നു ഖുദാമ - *അൽ മുഗ്നി* 2/699).

കൃഷിക്കുവേണ്ടിവരുന്ന ചെലവു കഴിച്ചു ബാക്കി വരുന്ന വിളവ് നിസ്വാബ് തികയുമെങ്കിലാണ് സകാത്ത് കൊടുക്കേണ്ടത്. 10 ശതമാനം സകാത്തായി നൽകണം. എന്നാൽ ജലസേചനത്തിനും ചെലവ് വന്നിട്ടുണ്ടെങ്കിൽ അഞ്ച് ശതമാനം നൽകിയാൽ മതി.

## ചില വസ്തുതകൾ

1. ഒരു ഫലവർഗത്തിലുള്ള വ്യത്യസ്ത ഇനങ്ങൾ പരസ്പരം കൂട്ടിച്ചേർത്ത് ഒന്നായി കണക്കാക്കാമെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. അവ തരത്തിലും നിറത്തിലും ഗുണത്തിലും വ്യത്യസ്തമായാലും വിരോധമില്ല. മുന്തിരി, ഗോതമ്പ് എന്നിവയുടെ വിവിധ ഇനങ്ങളും മറ്റു ധാന്യങ്ങളുടെ വിവിധ ഇനങ്ങളും ഇങ്ങനെ ഒരുമിച്ച് കണക്കാക്കാം. നല്ലതരവും താണതരവും തമ്മിൽ കൂട്ടിച്ചേർക്കുമ്പോൾ മധ്യതരത്തിൽ നിന്നാണ് സകാത്ത് വസൂൽ ചെയ്യേണ്ടത്. ഇപ്രകാരം ഗോതമ്പ്, യവം എന്നിവയും ഒരുമിച്ചുകൂട്ടി നിസ്വാബ് നിശ്ചയിക്കാം. ചെറുപയർ, വൻപയർ, ബീൻസ്, തുവര പോലുള്ള പയറുവർഗങ്ങൾ ഒരുമിച്ചുചേർത്ത് നിസ്വാബ് കണക്കാക്കാവുന്നതാണ്. തദവസരത്തിൽ ഏതാണോ കൂടുതലുള്ളത്, അതിൽനിന്നാണ് സകാത്ത് വസൂലാക്കേണ്ടത്.

2. വിവിധ ധാന്യവർഗങ്ങൾ പരസ്പരം കൂട്ടിച്ചേർത്ത് നിസ്വാബ് കണക്കാക്കുന്നത് സംബന്ധിച്ച് അഭിപ്രായ ഭിന്നതയുണ്ട്. അരി, ഗോതമ്പ്, ചോളം തുടങ്ങിയവ വ്യത്യസ്ത ധാന്യങ്ങളാണ്. എന്നാൽ ഉണക്കാതെ ഉപയോഗിക്കുന്ന പച്ചക്കറി തുടങ്ങിയവ കൃഷിചെയ്യുന്നയാൾ ഇടവിളയായി ഉണ്ടാക്കുന്ന ഉൽപന്നങ്ങളും കൂട്ടി ഒരു വിളയായി കണക്കാക്കി നിസ്വാബ് നിർണയിക്കുകയാണ് വേണ്ടത്.

3. ഈത്തപ്പനയിലും മുന്തിരിയിലും കായ വലുതായി കേടുതീർന്ന് നല്ലതാണെന്ന് വ്യക്തമായാൽ, അളക്കാതെ തന്നെ മതിപ്പ് മുഖേന നിസ്വാബ് കണക്കാക്കാം. മതിപ്പ് കണക്കാക്കുമ്പോൾ ഭക്ഷിക്കാനാവശ്യമുള്ളവർ കൂടുതലാണെങ്കിൽ വിളയുടെ മൂന്നിലൊന്നും അല്ലെങ്കിൽ നാലിലൊന്നും കണക്കിൽ നിന്നൊഴിച്ചു നിർത്തേണ്ടതാണ്. കൃഷിക്കാരന് സ്വന്തം കൃഷി ഉൽപന്നങ്ങളിൽ നിന്നെടുത്ത് ഭക്ഷിക്കാവുന്നതാണ്. വിളവെടുപ്പിന് മുമ്പ് അയാൾ എടുത്ത് ഭക്ഷിച്ചത് കണക്കിൽ ഉൾപ്പെടുത്താവതല്ല.

4. ഒലിവും അതുപോലെയുള്ള കാർഷികോൽപന്നങ്ങളും നിസ്വാബ് തികഞ്ഞാൽ അതിന്റെ സകാത്ത് എണ്ണയായി തന്നെ വസൂൽ ചെയ്യാവുന്നതാണ്.

5. ഒരാൾ മറ്റൊരാളുടെ ഭൂമി പാട്ടത്തിനെടുത്തു കൃഷി ചെയ്താൽ അതിലുണ്ടാവുന്ന ഉൽപന്നത്തിന് നിസ്വാബ് തികയുന്നതോടെ കൃഷി ചെയ്തവൻ സകാത്ത് കൊടുക്കുകയാണ് വേണ്ടത്.

6. വിലയ്ക്കുവാങ്ങൽ, ദാനം, അനന്തരാവകാശം മുതലായ ഉടമസ്ഥതയുടെ ഏതെങ്കിലും രൂപത്തിൽ ധാന്യങ്ങളോ ഫലവർഗങ്ങളോ കൈവശം വന്നയാൾ അവക്ക് സകാത്ത് കൊടുക്കേണ്ടതില്ല. ഉൽപന്നങ്ങൾ വിറ്റവനോ ദാനം ചെയ്തവനോ ആണ് സകാത്ത് നൽകാൻ ബാധ്യതയുള്ളത്.

## നിധിയും ഖനിജങ്ങളും

ഭൂമിയുടെ ഉള്ളിൽനിന്നോ പുറത്തുനിന്നോ കണ്ടുകിട്ടുന്ന സ്വർണം, വെള്ളി പോലുള്ള അമൂല്യ വസ്തുക്കളാണ് നിധികൾ. അവ പൂർവികർ ബോധപൂർവമോ അല്ലാതെയോ ഭൂമിക്കടിയിൽ നിക്ഷേപിച്ചതാവാം. ഭൂമിയിൽനിന്ന് കുഴിച്ചെടുക്കുന്നവയാണ് ഖനിജങ്ങൾ. അല്ലാഹു പറഞ്ഞു: "സത്യവിശ്വാസികളേ, നിങ്ങൾ സമ്പാദിച്ചതിൽനിന്നും ഭൂമിയിൽനിന്ന് നാം നിങ്ങൾക്ക് ഉൽപാദിപ്പിച്ചു തന്നതിൽനിന്നും നല്ലതിനെ ദൈവിക സരണിയിൽ ചെലവഴിക്കുവിൻ" (*അൽബഖറ* 267).

ഖനിജങ്ങൾക്ക് സകാത്ത് ബാധകമാണെന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ ഐക്യമുണ്ടെന്ന് ഇമാം നവവി പറയുന്നു (*അൽമജ്മൂഅ്* 2/73). ഭൂമിയിൽനിന്ന് ലഭ്യമാകുന്ന എല്ലാ ഇനങ്ങളിലുംപെട്ട ഖനിജവസ്തുക്കൾക്ക് സകാത്തുണ്ടെന്ന് ഹമ്പലികൾ. അവരുടെ വീക്ഷണത്തിൽ ഖര, ദ്രാവക വസ്തുക്കൾക്കും ഉരുക്കി രൂപമാറ്റം വരുത്താവുന്നതും അല്ലാത്തതുമായ സകല പദാർഥങ്ങൾക്കും സകാത്ത് ബാധകമാണ്. സൂറ *അൽബഖറ*യിലെ മേലുദ്ധരിച്ച ഖുർആൻ സൂക്തത്തോടും ശരീഅത്തിന്റെ പൊതുവായ ഉദ്ദേശ്യലക്ഷ്യങ്ങളോടും യോജിക്കുന്നതും ഈ വീക്ഷണമാണെന്ന് കാണാം.

ഭൂമിയുടെ ഉള്ളറയിൽനിന്ന്, വ്യാപകമായ തോതിൽ പെട്രോളിയം പോലുള്ള വസ്തുക്കൾ ഖനനം ചെയ്തുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ഖനിജങ്ങളുടെ സകാത്തിന് കൂടുതൽ പ്രസക്തിയുണ്ട്. ഭൂമിയിൽനിന്ന് ലഭിക്കുന്ന നിക്ഷേപ വസ്തുക്കളും കുഴിച്ചെടുക്കുന്ന ഖനിജങ്ങളും തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. നിസ്വാബ് നിർണയത്തിലും വർഷം തികയുകയെന്ന നിബന്ധന ബാധകമല്ലെന്നതിലും ഖനിജങ്ങൾ നിക്ഷേപ വസ്തുക്കളെപ്പോലെ തന്നെയാണ്. അവയുടെ നിസ്വാബ് എത്രയാണെന്നതിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഹനഫികളുടെ അഭിപ്രായത്തിൽ, അഞ്ചിലൊന്നാണ് കൊടുക്കേണ്ടത്. നാണയങ്ങളുടെ സകാത്തിനെ പോലെ രണ്ടര ശതമാനമാണ് കൊടുക്കേണ്ടതെന്നാണ് ഇമാമുമാരായ മാലിക്, ശാഫിഈ, അഹ്മദ് എന്നിവരുടെ അഭിപ്രായം. സകാത്തിന് അർഹരായി ഖുർആൻ പരിഗണിച്ച എട്ടു വിഭാഗങ്ങൾക്കിടയിൽ തന്നെയാണ് ഈ വിഹിതവും വിനിയോഗിക്കേണ്ടത്.

## സമുദ്രോൽപന്നങ്ങൾ

മുത്ത്, പവിഴം, അംബർ, മത്സ്യം തുടങ്ങിയ സമുദ്രോൽപന്നങ്ങൾ, ക്ലേശവും അധ്വാനവും മുഖേന ലഭിക്കുന്നതാണെങ്കിൽ രണ്ടര ശതമാനവും അല്ലാതെയാണെങ്കിൽ 20 ശതമാനവും ആണ് സകാത്ത്. എന്നാൽ പ്രബലമായ ഹദീസുകളൊന്നും ഇക്കാര്യത്തിൽ ഉദ്ധരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ അവക്ക് സകാത്ത് ബാധകമല്ലെന്ന് പറയുന്നവരും ഉണ്ട്. എന്നാൽ ഈ വീക്ഷണം ശരീഅത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളോട് ഒത്തുപോവുകയില്ലെന്ന് കാണാൻ പ്രയാസമില്ല.

## ഓഹരി, കടപ്പത്രം, ശമ്പളം, ഇതര വരുമാന മാർഗങ്ങൾ

ജനങ്ങളിൽനിന്ന് അവരുടെ സമ്പാദ്യം സമാഹരിച്ച് വ്യവസായ-വാണിജ്യ സംരംഭങ്ങൾ നടത്തുന്നവയാണ്

ജോയിന്റ് സ്റ്റോക്ക് കമ്പനികൾ. കൂട്ടായ ഉടമസ്ഥതയിലും മൂലധന നിക്ഷേപ ത്തിലും ഉള്ള ഇത്തരം കമ്പനികളിൽ നിര വധി അംഗങ്ങളുണ്ടാകും. കമ്പനിയുടെ മൊത്തം മൂലധന തുകയെ യൂനിറ്റുക ളായി തിരിച്ച് ഓരോ യൂനിറ്റിനെയും ഓഹ രിയാക്കുന്നു. ഉദാഹരണമായി, പത്തു ലക്ഷം രൂപ മൂലധനമുള്ള കമ്പനിയിൽ 10 രൂപ വീതം വിലയുള്ള ഒരു ലക്ഷം ഓഹരികളാകാം. വേണമെങ്കിൽ 100 രൂപ വിലയുള്ള പതിനായിരം ഓഹരികളുമാ കാം. കമ്പനിയുടെ നിബന്ധനകൾ പാലിച്ച് ഓഹരി ഉടമകൾക്ക് ഓഹരികൾ ആർക്കു വേണമെങ്കിലും വിൽക്കാം.

കമ്പനികളുടെ മുതൽമുടക്കും പ്രവർത്തന രീതിയും നോക്കിയാണ് ഓഹരികളുടെ ക്രയവിക്രയം സാധു വാണോ അല്ലേ എന്ന് തീരുമാനിക്കേണ്ട ത്. പലിശാധിഷ്ഠിത സാമ്പത്തിക ഇട പാടുകൾ നടത്തുന്ന കമ്പനികൾ, മദ്യം, ലഹരിപദാർഥങ്ങൾ തുടങ്ങിയ നിഷിദ്ധ ഉൽപന്നങ്ങളുടെ വ്യാപാരത്തിനും വ്യാപ നത്തിനും വേണ്ടി മുതൽമുടക്കിയിട്ടുള്ള സംരംഭങ്ങൾ എന്നിവയിൽ ഓഹരിയെടു ക്കാൻ പാടില്ല. അപ്രകാരം തന്നെയാണ് ഊഹക്കച്ചവടത്തിന്റെയും സാമ്പത്തിക തട്ടിപ്പുകളുടെയും സാധ്യത നില നിൽക്കുന്ന ഇടപാടുകളുടെ സ്ഥിതിയും. ഇവയല്ലാത്ത കമ്പനികളുടെയും സംരം ഭങ്ങളുടെയും ഓഹരി ക്രയവിക്രയത്തിൽ പങ്കാളികളാവുന്നതിന് വിരോധമില്ല.

### സകാത്ത് നൽകേണ്ട വിധം

കമ്പനി നേരിട്ടുതന്നെ അവയിൽ സമാഹൃതമായ ഓഹരികൾക്ക് സകാത്ത് നൽകുന്നുണ്ടെങ്കിൽ ഓഹരി ഉടമകൾ സകാത്ത് നൽകേണ്ടതില്ല. ഒരേ സമ്പ ത്തിന് ഒന്നിലധികം രീതിയിൽ സകാത്ത് നൽകേണ്ടതില്ല. കമ്പനി സകാത്ത് നൽകുന്നില്ലെങ്കിൽ ഓഹരി ഉടമകൾ താഴെ പറയുന്ന രീതിയിൽ സകാത്ത് നൽകണം.

ക്രയവിക്രയം നടത്താൻ കമ്പനി യിൽ പണം മുടക്കിയ ഓഹരിയുടമ, സകാത്ത് ബാധകമാകുന്ന ഘട്ടത്തിൽ ഓഹരിയുടെ വിപണിമൂല്യമനുസരിച്ച് തന്റെ ഉടമസ്ഥതയിലുള്ള തുകയുടെ രണ്ടര ശതമാനം സകാത്ത് കൊടുക്ക ണം. ഒരാൾ വർഷാന്ത ലാഭവിഹി തത്തിനു വേണ്ടിയാണ് പണം മുടക്കിയ തെങ്കിൽ, തനിക്ക് ലഭിക്കുന്ന ലാഭവിഹി തത്തോട് മറ്റു സമ്പാദ്യങ്ങളും ചേർത്ത് നിസ്വാബ് തികഞ്ഞാൽ രണ്ടര ശതമാനം സകാത്ത് നൽകണം.

### കടപ്പത്രങ്ങൾ

ഓഹരി മൂലധനം വർധിപ്പിക്കാതെ തന്നെ കമ്പനികളും സർക്കാറുകളും വികസന പ്രവർത്തനങ്ങൾക്കും വ്യാപാര സംരംഭങ്ങൾക്കും ധനം സമാഹരിക്കുന്ന തിനു വേണ്ടി ദീർഘകാലാടിസ്ഥാന ത്തിൽ കടപ്പത്രങ്ങൾ പുറത്തിറക്കാറുണ്ട്. കമ്പനികൾക്ക് പണം ആവശ്യമായി വരു മ്പോൾ ഒരു തുക നിശ്ചയിച്ച് അതിനെ നിശ്ചിത വിലയ്ക്കുള്ള കടപ്പത്രങ്ങളായി വിഭജിച്ച്, അവ വിറ്റ് പണം ശേഖരിക്കു ന്നു. കടപ്പത്രമുടമക്ക് നിശ്ചിത നിരക്കി

●

**സകാത്ത് നിർബന്ധമാകാൻ ഭക്ഷ്യവ സ്തുക്കളായിരിക്കണമെന്നോ, അളക്കു ന്നതായിരിക്കണമെന്നോ, ഉണക്കി സൂക്ഷി ക്കുന്നതായിരിക്കണമെന്നോ ഉള്ള നിബ ന്ധനകൾ ബാധകമല്ല. മനുഷ്യൻ ഉദ്ദേശ്യ പൂർവം കൃഷി ചെയ്തുണ്ടാക്കുന്നതായി രിക്കണമെന്നേയുള്ളൂ. ഇതനുസരിച്ച് നെല്ല്, ഗോതമ്പ്, യവം, ചോളം തുടങ്ങിയ ഭക്ഷ്യ വിളകളും നാളികേരം, അടക്ക, കുരുമുളക്, റബ്ബർ, ഇഞ്ചി, തേയില, കാപ്പി തുടങ്ങിയ നാണ്യവിളകളും ഉറുമാൻ, മുന്തിരി, മാങ്ങ, ചക്ക തുടങ്ങിയ പഴവർഗ ങ്ങളും പച്ചമുളക്, തക്കാളി, വെണ്ട, കാബേജ് തുടങ്ങിയ പച്ചക്കറികളും സകാത്ത് ബാധകമാകുന്ന ഉൽപന്നങ്ങൾ തന്നെയാണ്.**

●

ലുള്ള സംഖ്യ കമ്പനി വാഗ്ദാനം ചെയ്യു ന്നു. ലാഭനഷ്ടങ്ങളിൽ കടപ്പത്ര ഉടമ പങ്കാളിയാകാത്തതിനാൽ ഇത്തരം ക്രയ വിക്രയങ്ങൾ നിഷിദ്ധമാണെന്നതിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമില്ല. വ്യക്തമായ പലിശയിടപാ ടാണ് ഇവിടെ നടക്കുന്നത്.

എന്നാൽ, ഇത്തരം കമ്പനികളിൽ നിന്ന് കടപ്പത്രം വാങ്ങിയ മുതലുടമ മൂല ധനത്തിന് സകാത്ത് കൊടുക്കാൻ ബാ ധ്യസ്ഥനാണ്. വർഷം പൂർത്തിയാകുന്ന തിലും നിസ്വാബ് നിർണയത്തിലും മറ്റു സമ്പത്തുകൾ കൂടി ഇതോടുചേർത്ത് ര ണ്ടര ശതമാനമെന്ന തോതിലാണ് സകാ ത്ത് നൽകേണ്ടത്. കടപ്പത്രം മുഖേന ലഭി ക്കുന്ന വർധിത വിഹിതം നിഷിദ്ധമാക യാൽ സകാത്ത് ബാധകമാകുന്ന ധനമ ല്ല. എന്നാൽ പ്രസ്തുത സംഖ്യ പള്ളി നി ർമാണം, മുസ്ഹഫുകളുടെ പ്രസിദ്ധീക രണം എന്നിവയിലൊഴികെ മറ്റു ജനോ പകാരപ്രദമായ വഴികളിൽ ചെലവഴിക്കു കയാണ് വേണ്ടത്. അവ സകാത്തായി നൽകുന്നത് സാധുവല്ല. എന്തുകൊണ്ടെ ന്നാൽ തന്റെ ഹിതമായ ധനത്തിൽ നിന്നുള്ള വിഹിതമേ അല്ലാഹു സ്വീകരി ക്കുകയുള്ളൂ. അപ്രകാരം തന്നെ പ്രസ്തുത സംഖ്യ സ്വന്തത്തിനോ ആശ്രി തരുടെ ആവശ്യത്തിനോ വേണ്ടി ചെല വഴിക്കാനും പാടില്ല. ദരിദ്ര ജനവിഭാഗ ങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി അത് വിനിയോഗിക്കാവുന്നതാണ്.

### ശമ്പളം, കൂലി

സർക്കാർ സർവീസ്, പൊതുമേ ഖലാ സ്ഥാപനങ്ങൾ, സ്വകാര്യ-വ്യക്തി ഗത സംരംഭങ്ങൾ തുടങ്ങിയ വ്യത്യസ്ത മേഖലകളിൽ ജോലി ചെയ്യുന്നവർ, മാസാ ന്തമോ അല്ലാതെയോ കൈപ്പറ്റുന്ന വേത നം സകാത്ത് ബാധകമാകുന്ന ധനത്തിൽ പെടുന്നു. ഇങ്ങനെ കിട്ടുന്ന വരുമാനം ജീവിത നിലവാര സൂചികയനുസരിച്ച് മിതമായ തോതിൽ തന്റെയും ആശ്രിത രുടെയും ആവശ്യത്തിന് മാത്രമേ തിക യുന്നുള്ളൂവെങ്കിൽ അതിന് സകാത്ത് ബാധകമല്ല. ധൂർത്തോ ദുർവ്യയമോ കൂടാതെ തനിക്ക് ലഭിക്കുന്ന വരുമാന ത്തിൽനിന്ന് അടിസ്ഥാനാവശ്യങ്ങൾ കഴിച്ച് ബാക്കിയാവുന്ന സംഖ്യ എപ്പോ ഴാണോ നിസ്വാബ് പൂർത്തിയാകുന്നത് അപ്പോൾ രണ്ടര ശതമാനമെന്ന തോതിൽ സകാത്ത് കൊടുക്കേണ്ടതാണ്.

ഉദാഹരണം: 25000 രൂപ മാസ ശമ്പളം വാങ്ങുന്ന മുഹമ്മദ്, തന്റെയും കുടുംബത്തിന്റെയും മിതമായ തോതി ലുള്ള ആവശ്യങ്ങൾക്കായി ചെലവിടു ന്നത് 15000 രൂപയാണെന്ന് കരുതുക. വർഷം പൂർത്തിയാകുന്ന വേളയിൽ അദ്ദേ ഹത്തിന് ബാധകമാകുന്ന സകാത്ത് ഇപ്ര കാരം നിർണയിക്കാം.

$$\frac{25000 - 15000 \times 12 \times 2.5}{100} = 3000 \text{ രൂപ}$$

ഓരോ മാസവും ബാക്കിവരുന്ന സംഖ്യ കൂട്ടിച്ചേർത്താണ് നിസ്വാബ് കണ ക്കാക്കുന്നത്. വർഷാദ്യത്തിൽ കൈവശം വരുന്ന സംഖ്യയും വർഷാവസാനം കൈവശം വരുന്ന സംഖ്യയും ഒരുപോ ലെയാണ് ഇവിടെ പരിഗണിക്കപ്പെടുന്ന ത്.

### ഇതര വരുമാന മാർഗങ്ങൾ

വരുമാനം നേടാനുദ്ദേശിച്ച് നില നിർത്തിപ്പോരുന്ന വിവിധ സംരംഭ ങ്ങൾക്കും സംവിധാനങ്ങൾക്കും സകാത്ത് ബാധകമാണ്. വാഹനങ്ങൾ,

വാടക കെട്ടിടങ്ങൾ, കപ്പലുകൾ, വിമാനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവ ഇതിന്റെ പരിധിയിൽ വരുന്നു. അവയുടെ അടിസ്ഥാന ഘടകങ്ങൾ (മൂലധനം) സ്ഥിരമായിരിക്കുകയും അവയിൽനിന്നുള്ള വരുമാനം ഉടമസ്ഥർ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. അത്തരം വസ്തുക്കൾ കച്ചവടം ചെയ്ത് ലാഭമുണ്ടാക്കുകയല്ല ചെയ്യുന്നത്; അവയിൽനിന്നുണ്ടാകുന്ന വരുമാനമാണ് ഉടമ ലക്ഷ്യമാക്കുന്നത്. ഇവിടെ വരുമാനോപാധികളായ വസ്തുക്കൾക്ക് സകാത്ത് നൽകാതെ അവയിൽനിന്നുള്ള വരുമാനത്തിനാണ് സകാത്ത് ബാധകമാവുന്നത്. വർഷം പൂർത്തിയാകുന്ന മുറക്ക് ഇവയുടെ ഉടമസ്ഥർ തങ്ങളുടെ മറ്റു വരുമാനങ്ങളും കൂട്ടിച്ചേർത്ത് രണ്ടര ശതമാനം എന്ന തോതിൽ സകാത്ത് കൊടുക്കണം എന്നാണ് ഒരഭിപ്രായം. അതിൽനിന്നു തന്നെ ഉടമസ്ഥന് ഇത്തരം സംരംഭങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനുള്ള ചെലവുകൾ, തൊഴിലാളികളുടെ വേതനം, വിവിധതരം നികുതികൾ എന്നിവക്കു വേണ്ടിവരുന്ന സംഖ്യ കുറവുവരുത്തുകയും ചെയ്യാം. ഇതു മാത്രമാണ് വരുമാനമാർഗമായുള്ളതെങ്കിൽ, തന്റെയും ആശ്രിതരുടെയും ജീവിതാവശ്യങ്ങൾക്കുള്ള ചെലവ് കഴിച്ച് ബാക്കിയുള്ളതിനേ സകാത്ത് കണക്കാക്കേണ്ടതുള്ളൂ.

എന്നാൽ, മൂലധനത്തിന് സകാത്ത് നൽകാതെ വരുമാനത്തിനു മാത്രം സകാത്ത് ബാധകമാകുന്ന വസ്തുക്കളെന്ന നിലയിൽ കാർഷികോൽപന്നങ്ങളോടവയെ സമീകരിക്കുകയും പത്തു ശതമാനം സകാത്ത് ബാധകമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്ത പണ്ഡിതന്മാരുമുണ്ട്. കൃഷിയും വ്യവസായവും തമ്മിൽ അന്തരമില്ലെന്നാണവർ ചൂണ്ടിക്കാണിക്കുന്ന ന്യായം. കൃഷിയിൽ ഭൂമിയിൽനിന്നുള്ള വരുമാനത്തിന് സകാത്ത് ബാധകമാവുമ്പോൾ, മേൽപറഞ്ഞ സംരംഭങ്ങളിൽനിന്ന് ലഭിക്കുന്ന വരുമാനത്തിനാണ് സകാത്ത് ബാധകമാവുന്നത്. ഇതുതന്നെയാണ് ആധുനിക കാലത്തെ പണ്ഡിതന്മാരിൽ പ്രമുഖരായ പലരും അംഗീകരിച്ചിട്ടുള്ളത്. ■

(തുടരും)